LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) നെൽകൃഷി നിലനിർത്തേണ്ടതിന്റെ ആവശ്യകതയും പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും നെൽപ്പാടങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് സംസ്ഥാന സർക്കാർ തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ജില്ലകൾക്ക് അതിൻപ്രകാരമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെയും കുടുംബശ്രീ മിഷന്റെയും സഹകരണത്തോടെ 2956.70 ഹെക്ടർ തരിശ് നിലം ഈ വർഷം (2017-18) കൃഷിയിലേക്ക് തിരികെ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഹെക്ടറൊന്നിന് 30,000 രൂപ (മുപ്പതിനായിരം രൂപ മാത്രം) നിരക്കിൽ ധനസഹായം നൽകും. മുൻ വർഷം (2016-17) തരിശു നില കൃഷി ചെയ്തത് നിലനിർത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം രണ്ടാം വർഷത്തെ ആനുകൂല്യമായി ഹെക്ടറൊന്നിന് 7,000 (ഏഴായിരം രൂപ മാത്രം) രൂപ ധനസഹായമായി അനുവദിക്കുന്നതാണ്. തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 10.90 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 31-7-2017 വരെ 654 ഹെക്ടർ സ്ഥലത്ത് ഒന്നാം വർഷ തരിശുനില നെൽകൃഷിയും 185.60 ഹെക്ടർ സ്ഥലത്ത് 2-ാം വർഷ തരിശു നില നെൽകൃഷിയും ആരംഭിച്ചിട്ടുണ്ട്.

**സമഗ്ര കാർഷിക നയം**

23 (1362) ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കാർഷിക നയം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കാർഷിക മേഖലയുടെ വികസനത്തിനും അഭിവൃദ്ധിക്കും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാനത്തിനായി ഒരു ജൈവ കാർഷിക നയം രൂപീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാർഷിക മേഖലയിലെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ചും കാർഷികവിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അനന്യ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കർഷകനെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിനും കാർഷിക മേഖലയുടെ വികസനവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിനും സഹായകരമായ കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കർഷകരുടെയും പൊതുജനങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന കാര്യങ്ങളും നയത്തിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നുണ്ട്. ജൈവ കാർഷിക രംഗത്ത് ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലും ഉണ്ടായിട്ടുള്ള നൂതന മാറ്റങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ ജൈവ കാർഷിക നയം രൂപീകരിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## അഗ്രോ ബസാറുകൾ

24 (1363) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അഗ്രോ ബസാറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പുതിയതായി അഗ്രോ ബസാറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് ഒരു അഗ്രോ സൂപ്പർ ബസാറും പത്ത് അഗ്രോ ബസാറുകളും പ്രവർത്തിക്കുന്നുണ്ട്.

അഗ്രോ സൂപ്പർ ബസാർ - തിരുവനന്തപുരം

അഗ്രോ ബസാറുകൾ

1. കൊട്ടാരക്കര (കൊല്ലം ജില്ല)
2. പുനലൂർ (കൊല്ലം ജില്ല)
3. പരവൂർ (കൊല്ലം ജില്ല)
4. തിരുവല്ല (പത്തനംതിട്ട ജില്ല)